പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3985 | 12/12/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

# റാന്നി താലൂക്ക് ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | റാന്നി താലൂക്ക് ആശുപത്രിയിൽ പുതിയ ഒ.പി. ബ്ലോക്ക് നിർമിക്കാൻ എത്ര രൂപയാണ് സർക്കാർ ചെലവഴിച്ചത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളതെന്നും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയായതെന്നും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നും വിശദമാക്കാമോ? | എ) | 2009 ലെ ജി.ഒ (ആർ.റ്റി) നം.1046/09/ പി.ഡബ്ലിയു.ഡി എന്ന ഉത്തരവ് പ്രകാരം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 485 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് റാന്നി താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 4 നില കെട്ടിടത്തിനായി അനുവദിച്ച തുകയിൽ നിന്നും 30% കൂടുതൽ തുകയും ചേർത്ത് 4,91,86,199/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രൗണ്ട് ഫ്ളോറിൽ കാഷ്വാലിറ്റി വിഭാഗം, ഒന്നാം നിലയിൽ ലബോറട്ടറി, ഡയാലിസിസ് യൂണിറ്റ്, രണ്ടാം നിലയിൽ ഓപ്പറേഷൻതിയേറ്റർ ഐ.സി.യു, മൂന്നാം നിലയിൽ ഡീ അഡിക്ഷൻ സെന്റർ, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ കാഷ്വാലിറ്റി ലബോറട്ടറി, ഡീ അഡിക്ഷൻ സെന്റർ, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ പ്രവർത്തന സജ്ജമാണ്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമായിവരുന്നു. ഓപ്പറേഷൻതിയേറ്റർ ഐ.സി.യു, എന്നിവയുൾപ്പെടെ നവീകരിച്ച് കെട്ടിടം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ